# പെന്തിക്കൊസ്തി പെരുന്നാളിലെ
## മുട്ടുകുത്തൽ ശുശ്രൂഷാക്രമം

## ഒന്നാം ശുശ്രൂഷ
### പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ:- മനുഷ്യസ്നേഹമുള്ളവനായ കർത്താവേ! ആശ്വാസപ്രദനായ റൂഹായെന്ന ആന്തരികമായ പുതുവീഞ്ഞിന്റെ പാനത്താൽ ഞങ്ങളുടെ ആത്മാക്കൾ തൃപ്തിപ്പെടുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! അതു മൂലം ഞങ്ങൾ നിർമ്മലീകരിക്കപ്പെട്ട് വിശുദ്ധിയുള്ളവരായിത്തീർന്ന് നിർമ്മലങ്ങളും വിശുദ്ധങ്ങളുമായ നാവുകളാൽ വന്ദ്യവും വിശുദ്ധവുമായ നിന്റെ നാമത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും വിശുദ്ധ സ്തുതി പാടുമാറാകണമേ. ഹോശൊ....

ദൈവമേ! നിന്റെ കൃപ പോലെ.... (പേജ് 5)

### എനിയോനൊ - ഹൌദബ്ശുബ്ഹൊ

സത്യമതാം-വാഗ്ദത്തം-ശ്ലീഹ-ർക്കായ്
ഈ ദിവസ-ത്തിൽ പ്രേഷിപ്പിച്ചോ-നേ!
ദേവാ! ദയ ചെയ്തീടണമേ.

നിർമ്മല റൂ-ഹായെ ധന്യശ്ലീ-ഹർ-
ക്കീ ദിവസ-ത്തിൽ പ്രേഷിപ്പിച്ചോ-നേ! ദേവാ!....

വിമലാത്മം-ശ്ലീഹന്മാരിലിറങ്ങീ-
ട്ടവരെ വാ-ഴ്വിൽ നിറവുള്ളോരാ-ക്കി ദേവാ!...

പ്രേഷിപ്പി-ച്ചപ്പരിശുദ്ധാത്മ-ത്തെ
ഞങ്ങൾക്കുൾ-ക്കൺ തെളിവേകുക നാ-ഥാ ദേവാ!...

വിമലത ഞ-ങ്ങൾക്കേവർക്കും നൽ-ക
രക്ഷകനേ!-നിൻ ജീവദറൂഹാ-യാൽ ദേവാ!....



@FIOK*.MOC.KTYM

**ശുദ്ധിയെഴും-ശിഷ്യസമൂഹത്തി-ന്നായ്**
**തീനാവു-കളെ ഭാഗം ചെയ്തോ-നേ! ദേവാ!...**
**സംവൃതരാം-ശ്ലീഹർക്കെരിതീ നാ-വായ്**
**പരിശുദ്ധാ-ത്മാവിനെ ഭാഗിച്ചോ-നേ! ദേവാ!....**
**സുവിശേഷം-ഘോഷിപ്പാൻ റൂഹാ-യാൽ**
**ശ്ലീഹന്മാ-രെ വിജ്ഞാനികളാ-ക്കിയ ദേവാ!....**
**ബാറെക്മോർ. ശുബഹോ.... മെനഓലം....**
**നമ്മൾക്കി-ന്നാ ശ്ലീഹരിലാവാ-സം**
**ചെയ്ത വിശു-ദ്ധാത്മാവിനെ വന്ദി-ക്കാം ദേവാ!.... മൊറിയൊ....**

## പ്രാർത്ഥന

**കർത്താവേ! പാപനിദ്രയിൽനിന്ന് ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തി നിന്റെ വിശുദ്ധറൂഹായുടെ ആന്തരിക കിരണങ്ങളാൽ ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിക്കണമേ. നിന്റെ ദിവ്യദാനങ്ങളാൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ. സാരാംശത്തിൽ ഒന്നായിരിക്കുന്ന മൂന്നു ക്നൂമാകളുടെ യഥാർത്ഥവും ശ്രേഷ്ഠവുമായ ആരാധനയെ തിരിച്ചറിയുവാൻ തക്കവണ്ണം ഞങ്ങളുടെ ബുദ്ധിക്കു ജ്ഞാനം നൽകുകയും ചെയ്യണമേ. ഹോശോ...**

## (കോനൂനൊയൗനോയൊ)

*കുതിരപ്പടയുടെ മേൽ ജയം കൊണ്ട് അവയുടെ പുറത്തു കയറിയിരുന്നവരെ സമുദ്രത്തിൽ നിപതിപ്പിച്ച പ്രബലനായ കർത്താവിനെ നാം സ്തുതിക്കണം.*

**മൂടൽമഞ്ഞാലാവൃതവും ദൈവത്താലുല്ലിഖിതവുമാം നിയമം വികല**
**വചസ്സാം മോശ വെടിപ്പായ് വായിച്ചു**
**കായികമലിനത മനതളിരിൽ നിന്നൊഴിവായപ്പോൾ**
**പാവനമാമാത്മജ്ഞാനത്തിൽ പരമുന്നതനായ്**
**സൂക്ഷ്മമതാം ബോധം നേടി ദൈവികമാം സ്തോത്രം പാടി.**

**(ഇരുൾമഞ്ഞിൽ മൂടിക്കിടന്നിരുന്നതായ, ദൈവത്താൽ എഴുതപ്പെട്ട ന്യായപ്രമാണത്തെ വിക്കനായ മോശ വാക്ചാതുര്യത്തോടെ വായിച്ചു. അവന്റെ മനസ്സിൽനിന്ന് ലൗകികങ്ങളെ ഉപേക്ഷിച്ചപ്പോൾ വിശുദ്ധാത്മാവിന്റെ അറിവിൽ അവൻ ഉന്നതനായി ദിവ്യ സ്തോത്രങ്ങളെ ഉച്ചരിച്ചു.)**


@FIOK*.MOC.KTYM

*ദൈവമായ യഹോവ ബലവാനും മഹത്വമുള്ളവനും ആകുന്നു. അവൻ നമുക്കു രക്ഷകനായിത്തീർന്നു.*

**ഭീകരവും പാവനമഹിതവുമാം തിരുവായരുളിച്ചെയ്തു-**
**എൻപ്രിയരെയും തോഴരെയും വേറാക്കി ചതിചെയ്വോർ നിങ്ങളിലുണ്ടാകാ-**
**കാണുക ഞാൻ താതനൊടൊപ്പം തൻ സിംഹാസനമതിലുപവിഷ്ടൻ-**
**ശോഭിതരാവാൻ കാംക്ഷിച്ചീടുന്നോർക്കായ് ഞാൻ വർഷിച്ചിടുമ-**
**മലാത്മാവിൻ ദാനം. ബാറെക്മോർ. ശുബഹോ... മെനഗാലം....**

*(ഭയങ്കരനും പരിശുദ്ധനും സ്തുത്യർഹനും ആയവൻ അരുളിച്ചെയ്തിരിക്കുന്നത് എന്തെന്നാൽ, എന്റെ സ്നേഹിതരും സഖികളും ആയവരേ, വഞ്ചിക്കുന്നവൻ നിങ്ങളിൽ ഉണ്ടാകയില്ല. ഇതാ ഞാൻ പിതാവിന്റെ മഹത്വസിംഹാസനത്തിന്മേൽ ഇരിക്കുന്നു. വിശുദ്ധാത്മാവിനാൽ പ്രശോഭിതരാകുവാൻ ആഗ്രഹിക്കുന്നവരുടെ മേൽ അവരുടെ ദാനത്തെ ഞാൻ ചൊരിയുന്നു.)*

**നേരാംവചനം ഗിരിമകുടം പുക്കുജ്ജ്വലദർശനതേജസ്സാലവർതൻ ഹൃദയങ്ങളെ നിറവാക്കി- വാഗ്ദത്തം പോൽ കൊടിയൊരു കാറ്റാൽ പ്രിയരെ മോദിപ്പിച്ചു മശിഹാ വാഗ്ദാനപ്പടി തീനാമ്പുകൾ പോൽ പാവനറൂഹായെ വിഭജിച്ചേകി.**

(സത്യവചനമായിരിക്കുന്നവൻ പർവ്വതശിഖരത്തിന്മേൽ കയറിയപ്പോൾ അവന്റെ വിസ്മയനീയ കാഴ്ചയാൽ അവരുടെ ദുഃഖം തീർത്ത് അവന്റെ വചനങ്ങളെ പ്രവൃത്തിയിൽ വരുത്തി; കൊടുങ്കാറ്റിനാൽ തന്റെ സ്നേഹിതന്മാരുടെ ഹൃദയത്തെ സന്തോഷിപ്പിച്ചു. താൻ അവരോടു വാഗ്ദത്തം ചെയ്തിരുന്നപ്രകാരം തീനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധാത്മാവിനെ ഭാഗിച്ചുകൊടുത്തു.) സ്തൗമെൻകാലോസ് കുറിയേ...

## പ്രുമിയോൻ

**സകല മാനുഷികചലനങ്ങൾക്കും വിചാരങ്ങൾക്കും ബോധങ്ങൾക്കും വിചാരങ്ങൾക്കും മറഞ്ഞ് അതീതനായി സ്ഥിതിചെയ്യുന്ന അദൃശ്യനായ കർത്താവിനു സ്തുതി. അവൻ സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു. അവൻ ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകലത്തിന്റെയും സ്രഷ്ടാവും നിയന്താവുമാകുന്നു. ആരംഭമില്ലാത്തവനും അനന്തമായി നിലനിൽക്കുന്നവനുമാകുന്നു. അനാദ്യന്ത്യവും അപ്രമേയവുമായ സ്വയംഭൂവാകുന്നു. അവൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്**



@FIOK*.MOC.KTYM

എന്ന ഏക സ്വഭാവത്തോടും ഏക അധികാരത്തോടും ഏകമനസ്സോടും കൂടിയ സത്യേകദൈവമാകുന്നു. ക്നൂമാ കൂടാതെ അവന് ഒരു നാമമില്ല. ഒരു ക്നൂമാ മറ്റൊരു ക്നൂമായെക്കാൾ ചെറുതോ പ്രായം കൂടിയതോ അല്ല. വലുപ്പത്തിലോ ചെറുപ്പത്തിലോ ക്നൂമാകൾക്ക് അന്തരമോ വ്യത്യാസമോ ഇല്ല. യാതൊരു ക്നൂമായും നാമവും അവന്റെ നിത്യതയിൽനിന്ന് ചെറുതോ അന്യമോ അല്ല. പിതാവെന്ന് പറഞ്ഞാൽ പുത്രനും റൂഹായും അവനിൽ നിന്നുള്ളവരാകുന്നു. പുത്രനെന്ന് പറഞ്ഞാൽ പിതാവും റൂഹായും അവൻ മൂലമാകുന്നു അറിയപ്പെടുന്നത്. റൂഹായെന്ന് പറഞ്ഞാൽ പിതാവും പുത്രനും അവനിൽ പൂർത്തിയായിരിക്കുന്നു. പിതാവ് ജനകനാകുന്നു, ജനിച്ചവനല്ല. പുത്രൻ ജനിച്ചവനാകുന്നു, ജനകനല്ല. പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെടുന്നവനും പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിന് സമസ്വഭാവിയും തുല്യ നിത്യതയുള്ളവനും ആകുന്നു. തനിക്ക് ഈ സമയത്തും... ബ്കുൽഹൂൻ....

## സെദറാ

അദൃശ്യനും അപ്രമേയനും അനാദ്യന്തനും അപരിമിതനുമായ ദൈവമേ! നീ ഏകസാരാംശമായി അറിയപ്പെടുന്നു. മൂന്നു വിശുദ്ധ ക്നൂമാകളായി വിവേചിക്കപ്പെടുകയും ചെയ്യുന്നു. സകല വിവേകപ്രകൃതികളും മൂന്നു പ്രത്യേക ലക്ഷണങ്ങളോടുകൂടി നിന്നെക്കുറിച്ച് ഗ്രഹിക്കുന്നു. ഏകദൈവമായ നീ മൂന്നു വന്ദ്യക്നൂമാകളായി അറിയപ്പെടുന്നു. ശ്രേഷ്ഠമായ ഏകസാരാംശത്തോടും അനാദ്യന്തമായ ഏകസ്വഭാവത്തോടുംകൂടി പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന മൂന്നു പൂർണ്ണ ക്നൂമാകളടങ്ങിയ പരിപൂർണ്ണ ത്രിത്വമായ സത്യേകദൈവമാകുന്നു. പിതാവായ ദൈവമേ! നിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനും, തന്റെ സ്വതന്ത്രബുദ്ധിമൂലം പിശാചാരാധനയിലേക്ക് വശീകരിക്കപ്പെട്ടുപോയവനും ആയ മനുഷ്യനെ നവീകരിക്കുവാൻ നിനക്കു തിരുവിഷ്ടം തോന്നിയിട്ട് ഞങ്ങളുടെ മാർഗ്ഗദർശനത്തിനുവേണ്ടി നിന്റെ വചനമായ പുത്രനെ നീ കൽപ്പിച്ചയച്ചു. അവൻ വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്ന്, ദൈവത്വത്തിന്റെ വ്യാഖ്യാനാതീതാവസ്ഥയെ വിശദമായി ഞങ്ങളെ അറിയിച്ച് വ്യാഖ്യാനിച്ചുതരികയും നിന്നെയും അവൻ നിന്നിൽ നിന്നുള്ളവനാകുന്നു എന്നതിനെയും ഞങ്ങൾ ഗ്രഹിക്കത്തക്കവണ്ണം നിന്റെ ജ്ഞാനത്തിന്റെ ദുർഗ്രഹങ്ങളും രഹസ്യങ്ങളുമായ സംഗതികൾ ഞങ്ങളെ അറിയിക്കുകയും ചെയ്തു. ദൈവ



@FIOK*.MOC.KTYM

ത്വത്തിലെ മൂന്നാമത്തെ പ്രകാശത്തെക്കുറിച്ചും അവൻ ഞങ്ങളെ പഠിപ്പിച്ചു. അത് പരിശുദ്ധ റൂഹാ എന്ന ക്നൂമായാകുന്നു. പിതാവേ! അവൻ നിന്നിൽ നിന്ന് വ്യാഖ്യാനാതീതമായ നിലയിൽ പുറപ്പെടുന്നു. അവൻ സത്യ റൂഹായാകുന്നു, ആശ്വസിപ്പിക്കുന്ന റൂഹായാകുന്നു, രാജകീയറൂഹാ യാകുന്നു, ഉത്തമറൂഹായാകുന്നു. ജ്ഞാനത്തിന്റെ റൂഹായും പരാക്രമ ത്തിന്റെ റൂഹായും അറിവിന്റെ റൂഹായും പൂർത്തീകരിക്കുന്ന റൂഹായും നിറവേറ്റുന്ന റൂഹായും ആകുന്നു. റൂഹാ അവിഭാജ്യനാകുന്നു. റൂഹാ സംഖ്യാതീതനാകുന്നു. റൂഹാ മനുഷ്യരെ സ്നേഹിക്കുന്നു. റൂഹാ ശ്ലീഹ ന്മാർക്ക് ജ്ഞാനം നൽകുന്നു. റൂഹാ സഹദേന്മാർക്ക് ബലം നൽകുന്നു. റൂഹാ മൽപ്പാന്മാരെ നയിക്കുന്നു. റൂഹാ നന്മകൾ പ്രവർത്തിക്കുന്നു. റൂഹാ ബലവാനാകുന്നു. റൂഹാ സർവ്വശക്തനാകുന്നു. റൂഹാ പ്രകൃത്യാ നിർമ്മലനും വിവിധതരം വ്യാപാരങ്ങളോടുകൂടിയവനും ദിവ്യദാനങ്ങ ളുടെ ഉറവയുമാകുന്നു. സാരാംശത്തിൽ നിന്നോടും നിന്റെ ഏകപുത്ര നോടും ഒന്നായിരിക്കുന്നവനാകുന്നു. അവൻ ന്യായപ്രമാണവും ദീർഘ ദർശിമാരും ശ്ലീഹന്മാരും വഴിയായി സംസാരിച്ചു. അവൻ സകലത്തിലും സമീപസ്ഥനും സകലത്തെയും പൂർണ്ണമാക്കുന്നവനും ആകുന്നു. അവൻ ഇഷ്ടപ്പെട്ടവരിൽ ദാസനെപ്പോലെയല്ല, അധികാരിയെപ്പോലെ വിശുദ്ധ കാര്യങ്ങൾ ചെയ്യുന്നു. വിശുദ്ധ ശ്ലീഹന്മാരിൽ അവൻ ആവസിച്ച ഈ ശ്രേഷ്ഠമായ പെന്തിക്കൊസ്തിപെരുന്നാൾ ദിവസത്തിൽ അവൻ മുഖാ ന്തരം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ ദാസരും ആരാധകരുമായ ഞങ്ങളിലും അവൻ വസിക്കുമാറാകണമേ. അവന്റെ വിശുദ്ധ നൽവരങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ. സകല പാപദൗർബല്യവും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. ഞങ്ങളെ നിന്റെ തിരുനിവാസത്തിന് നിർമ്മല മന്ദിരങ്ങളും ഭവനങ്ങളും ആയി നിയമിക്കണമേ. ഞങ്ങളെ ശത്രുക്കളുടെ ഉഗ്രതയ്ക്കു കീഴ്പ്പെടാത്തവരാക്കിത്തീർക്കണമേ. വിശുദ്ധ സഭയുടെ പ്രജകളായ സകല വിശ്വാസികളായ പരേതർക്കും പ്രത്യേകിച്ച് സത്യ വിശ്വാസത്തിൽ തങ്ങളുടെ ജീവിതം അവസാനിപ്പിച്ചവരായ ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരി സഹോദരങ്ങൾക്കും നല്ല ഓർമ്മയും സന്തോഷകരമായ ആശ്വാസവും നൽകണമേ. എന്തെന്നാൽ സർവ്വാധിപ തിയായ പിതാവാംദൈവമേ! നീയും സകലത്തെയും ജീവിപ്പിക്കുന്നവനായ നിന്റെ ഏകപുത്രനും സകലത്തിലും ഭാഗ്യവാനും വന്ദ്യനും ജീവദായ



@FIOK*.MOC.KTYM

കനും സാരാംശത്തിൽ നിനക്കു സമനുമായ നിന്റെ റൂഹായും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളുടെമേൽ വാണുകൊണ്ടിരിക്കുന്നുവല്ലോ. ഹോശോ....

## കോലോ - ഏനോനൊനുഹറൊ

റൂഹ്ക്കുദിശാ-അവരോഹം ചെയ്തി-ട്ടിപ്പരിപാവനമാം നാ-ളിൽ
നരരൊടു സ-മ്മേളിച്ചാനവരെ - സ്വർഗ്ഗീയന്മാരാ-ക്കീ-ടാൻ
പരരോടും സ്വജന-ത്തോടും
ത്രിത്വത്തെയുദ്ഘോ-ഷിപ്പാൻ
തൻവാഗ്ദാനം പ്രേ-ഷിപ്പി-
ച്ചാശ്വാസം ശ്ലീഹർക്കേകി - ഭാഷകളരുളിയവൻ-ധ-ന്യൻ.

തീനാവെന്നതുപോൽ റൂഹ്ക്കുദിശാ - ശ്ലീഹന്മാർക്കരുള-പ്പെട്ടു
ലോകത്തോ-ടവരുദ്ഘോഷിച്ചു - മൂന്നതി നിർമ്മലനാ-മങ്ങൾ
ഒന്നിൽ തൻമെയ് രക്തങ്ങൾ
മറ്റതിലാത്മബലം-ശ്ലീഹർ-
ക്കേവം രണ്ടു പെരു-ന്നാളിൽ
ദാനം-നൽകിയവൻ സ്തുത്യൻ - നിജദാനങ്ങൾക്കായ്-സ്തോ-ത്രം.
ബാറെക്മോർ. ശുബഹോ.....

ശ്ലീഹന്മാ-രാശ്വാസപ്രദനെ - മേലീന്നും പ്രാപി-ച്ച-പ്പോൾ
നൂതനമാം-ഭാഷകൾ ഭാഷിച്ചു - ഗൂഢബലത്തെ ആർജ്ജിച്ചു
ചെന്നാശ്വാസകര-ദൗത്യം -
സൃഷ്ടികളോടുദ്ഘോ-ഷിച്ചു
അന്യരെ ശിഷ്യന്മാ-രാക്കി
താതാ-ത്മജ വിമലാത്മാവിൻ - നാമത്തിൽ സ്നാനം-നൽകി.
മെനഓലം.....

മിസറേമിൽ-ചെന്നിസറായേലെ - വിടുവിക്കെന്നേവം സീ-നായ്
മലമേൽ മുൾ-ത്തരുവിൽ മോശയോടായ് - സംസാരിച്ചോനാം-ദൈ-വം.
രാജാക്കന്മാർ തൻ-കോട്ട
സഭതൻ കാവലുമാ-കട്ടെ
ത്രിത്വത്തിൻ പൊരുളാ-യീടും
താതാ-ത്മജ വിമലാത്മാവി- ന്നവരേറ്റീടട്ടെ-സ്തോത്രം. മൊറിയൊ.....



@FIOK*.MOC.KTYM

## എത്രൊ

പരിശുദ്ധനും സകലത്തെയും ശുദ്ധീകരിക്കുന്നവനും സത്യത്തിന്റെ കർത്താവും വിശുദ്ധ ശ്ലീഹന്മാരിൽ അഗ്നിനാവുകളാൽ ആവസിച്ച് വിശുദ്ധമായ തന്റെ ആവാസം മൂലം അവരെ ശുദ്ധീകരിച്ചവനും ആയുള്ളോവേ! തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപത്തെ നിന്റെ പരിശുദ്ധറൂഹാ മൂലം ശുദ്ധീകരിച്ച് ഇതിനാൽ ഞങ്ങൾക്കു കടങ്ങളുടെ മോചനവും പാപപരിഹാരവും നൽകണമേ. ഞങ്ങളുടെ ഹൃദയങ്ങൾ അനീതിയിൽനിന്ന് വെടിപ്പാക്കപ്പെടുമാറാകണമേ. ഞങ്ങൾ നിന്റെ കരുണയാൽ സദാ സന്ദർശിക്കപ്പെടുമാറാകണമേ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും സ്തോത്രം ചെയ്തു വന്ദിച്ച് സ്തുതിക്കുകയും ചെയ്യുമാറാകണമേ. മോറാൻവാലോ....

## സൂമ്മോറൊ

പാവനമാം പൊൻനീർച്ചാ-ൽപോൽ - വായ്കളിൽ നിന്നും കാതു-കളിൽ
ജീവൻ പ്രവഹിപ്പിച്ചീ-ടും - നിബിയന്മാരെ കേട്ടി-ടുവീൻ
പാവനമാം സുവിശേഷ-ത്തിൻ - സന്ദേശം കൈക്കൊൾവോ-ർക്കായ്
സംരക്ഷിതമാം നൽകതിരും - ജീവനുമുന്നതരാജ്യമതും
കാഹളതുല്യം ഘോഷിക്കും - ശ്ലീഹന്മാരെ ശ്രദ്ധിപ്പിൻ.

## വായനകൾ

ഉല്പത്തി 11 : 1 - 9　　　ന്യായാധിപന്മാർ 18 : 24, 14 : 7
അപ്പോ. പ്രവൃത്തികൾ 19 : 1 - 6　　　1 കോരിന്തി 14 : 20 - 25

## പെത്ഗോമൊ

ഹാലേ... ഉ ഹാലേ..... ആനന്ദപ്രദനാം റൂഹാ-
എന്നെ നയിക്കേണം നിൻ രക്ഷാമാർഗ്ഗത്തിൽ. ഹാലേലുയ്യാ.

## ഏവൻഗേലിയോൻ

വി. യോഹന്നാൻ 14:13-24

എന്റെ നാമത്തിൽ നിങ്ങൾ യാചിക്കുന്നത് പിതാവ് തന്റെ പുത്രൻ മൂലം മഹിമയുള്ളവനാകുവാനായി ഞാൻ നിങ്ങൾക്കു സാധിച്ചുതരും. എന്റെ നാമത്തിൽ നിങ്ങൾ എന്നോടു യാചിച്ചാൽ ഞാൻ അതു സാധിച്ചുതരും. നിങ്ങൾ



@FIOK*.MOC.KTYM

എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ ആചരിപ്പിൻ. ഞാൻ എന്റെ പിതാവിനോടപേക്ഷിക്കും. അവൻ, എന്നേക്കും നിങ്ങളോടുകൂടി യിരിപ്പാൻ തക്കവിധം മറ്റൊരു 'കാര്യസ്ഥനെ' തരികയും ചെയ്യും. അവൻ സത്യസ്വരൂപനായ ആത്മാവാകുന്നു. ലോകത്തിന് അവനെ സ്വീകരിപ്പാൻ സാധിക്കയില്ല. എന്തെന്നാൽ ലോകം അവനെ കണ്ടിട്ടുമില്ല; അറിഞ്ഞിട്ടു മില്ല. എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരി ക്കുകയും ചെയ്യുന്നതിനാൽ നിങ്ങൾ അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരാക്കി വിടുകയില്ല; ഇനി അല്പകാലം കഴിഞ്ഞിട്ട് ഞാൻ നിങ്ങളുടെ അടുക്കലേക്കു വരും. ലോകം എന്നെ കാണുകയില്ല; എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ ജീവനുള്ളവനാകയാൽ നിങ്ങളും ജീവിക്കും. ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങ ളിലും ഇരിക്കുന്നുവെന്ന് അന്നു നിങ്ങൾ അറിയും. എന്റെ കല്പനകൾ ലഭി ച്ചിട്ട് അവയെ ആചരിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കയും, അവനു പ്രത്യക്ഷപ്പെടുകയും ചെയ്യും.' അനന്തരം സ്കറിയൂത്താ അല്ലാത്ത യഹൂദ അവനോടു ചോദിച്ചു 'കർത്താവേ! നീ ലോകത്തിനായിട്ടല്ലാതെ ഞങ്ങൾക്കായിട്ട് പ്രത്യക്ഷമാകുന്നത് എങ്ങനെ യാണ്'. യേശു അവനോട് ഇപ്രകാരം പറഞ്ഞു: 'എന്നെ സ്നേഹിക്കു ന്നവൻ എന്റെ വചനം പാലിക്കും. എന്റെ പിതാവും അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ ചെന്ന് അവനോടുകൂടി വസിക്കയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനം പാലി ക്കയില്ല. നിങ്ങൾ കേൾക്കുന്ന ഈ വചനം എന്റേതല്ല. എന്നെ അയച്ച പിതാ വിന്റേതത്രേ.

## ലുത്താനിയാ

**ശെമ്മാശ്ശൻ:-** നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായി നിന്നു കൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം. **ജനം:-** കുറിയേലായിസ്സോൻ.

**ശെമ്മാശ്ശൻ:-** ആത്മീയമായ നടപടികൾ മൂലം അനശ്വരമായ പ്രകാശ ത്തിലും ജീവനിലും ആനന്ദിക്കത്തക്കവണ്ണം പെന്തിക്കൊസ്തിയുടെയും ഞായറാഴ്ചകളുടെയും വിശുദ്ധദിവസങ്ങളിൽ നിവർന്നുനിന്നു പ്രാർത്ഥി



@FIOK*.MOC.KTYM

ക്കുവാൻ ഞങ്ങൾക്കു കൃപ നൽകിയവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ജനം:-** കുറിയേലായിസ്സോൻ.

**ശെമ്മാശ്ശൻ:-** ഞങ്ങളുടെ പിതാവും വർഗ്ഗത്തലവനുമായ ആദാമിന്റെ കൽപ്പനലംഘനം മൂലം ഞങ്ങൾ ഭൂമിയിൽ നിപതിച്ചുപോയപ്പോൾ ദൈവോചിതമായ പുനരുത്ഥാനം മൂലം ഞങ്ങളെല്ലാവരെയും ഒരുമിച്ച് ഉത്ഥാനം ചെയ്യിച്ചവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.
**ജനം:-** കുറിയേലായിസ്സോൻ.

**ശെമ്മാശ്ശൻ:-** വിഗ്രഹാരാധന മൂലം ആകെൽക്കറുസായുടെ ആരാധകന്മാരായി തീർന്നുപോയ ഞങ്ങളെ വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനം വഴിയായി ആ വിശുദ്ധത്രിത്വത്തിൽ ഒരുവനായി സ്ഥിതിചെയ്തുകൊ≠ അതിന്റെ ആരാധകന്മാരാക്കി സജ്ജീകരിച്ചവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ചൊല്ലണം. **ജനം:-** കുറിയേ.... കുറിയേ.... കുറിയേ....

**ശെമ്മാശ്ശൻ:-**നാം നിലത്തു മുട്ടുകുത്തി കർത്താവിനോടു പ്രാർത്ഥിക്കണം.

## രഹസ്യപ്രാർത്ഥന

കരുണയുള്ള പിതാവാകുന്ന ദൈവമായ കർത്താവേ! അനാദ്യന്തനായ നിന്റെ പുത്രന്റെ ജീവദായകമായ പുനരുത്ഥാനത്തിന്റെ പ്രഥമ ദിവസം മുതൽ ഊർശ്ലേമിൽ അവന്റെ വാഗ്ദാനത്തിനുവേണ്ടി കാത്തിരുന്ന ശിഷ്യന്മാരെ പെന്തിക്കൊസ്തി ദിവസങ്ങൾ പൂർത്തിയായപ്പോൾ പെട്ടെന്നുണ്ടായ ഉഗ്രശബ്ദം മൂലം നീ പരിശുദ്ധാത്മാവുകൊണ്ട് നിറച്ചു. ആകാശത്തിൻ കീഴിലുള്ള സർവ്വരും ഊർശ്ലേംനിവാസികളും അതിശയിച്ച് അത്ഭുതപ്പെട്ട് സകല നന്മകളും നൽകുന്നവനായ നിന്നെ സ്തുതിക്കുമാറ് അവരിൽ ഓരോരുവന്റെയുംമേൽ അഗ്നിനാവുകൾ ആവസിച്ചു. ഇങ്ങനെ വിശുദ്ധ ശ്ലീഹന്മാരെ നീ ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുകയും പരിശുദ്ധ പിതാവേ! നിന്റെയും നിന്റെ ഏകപുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മാമൂദീസാ മുക്കി മനുഷ്യവർഗ്ഗത്തെ ഏകദൈവമാകുന്ന ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനത്തിലേക്കു കൊണ്ടുവരുവാൻവേണ്ടി അവരെ അയയ്ക്കുകയും ചെയ്തു. അവൻ മുഖാന്തരവും അവനോടുകൂടിയും ഞങ്ങൾ ഏകദൈവമാകുന്ന വിശുദ്ധ ത്രിത്വത്തെ ഇപ്പോഴും എപ്പോഴും എന്നേക്കും വന്ദിച്ച് സ്തോത്രം ചെയ്തു സ്തുതിക്കുന്നു. ഹോശോ....



@FIOK*.MOC.KTYM

**പട്ടക്കാരൻ :- (ഉച്ചത്തിൽ)**
**ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവിൻ.**

### മാനീസാ

**മശിഹായാം ദൈവം മനസ്സാ - മെയ്യിൽ നമുക്കായ് പാടേറ്റു**
**പ്രേതജനത്തിൻ പുരിയീന്നും - പ്രോജ്വലകാന്തിയൊടെഴുന്നേറ്റാൻ**
**കന്മഷമൃതരും നഷ്ടരുമാം - നമ്മെയുമങ്ങെഴുന്നേൽപ്പിച്ചാൻ**
**ആകെൽക്കറുസാ നീചാത്മ-പ്പടയെന്നിവതൻ നിഷ്ഠുരമാം**
**കോയ്മയെ നമ്മിൽ നിന്നുമഹോ - നീക്കി പാടെ മാ-യിച്ചു.**

# രണ്ടാം ശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

**ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹാ! നിന്റെ റൂഹായെ ഞങ്ങളുടെ ബോധങ്ങളിലും മനസ്സുകളിലും ഹൃദയങ്ങളിലും നവീകരിച്ച് പുരാതനമനുഷ്യന്റെ സകല മോഹങ്ങളെയും ഞങ്ങളിൽ മൃതമാക്കി മായിച്ചുകളയണമേ. ഞങ്ങളെ ദിനംപ്രതി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നവീനന്മാരാക്കിത്തീർക്കണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിക്കുകയും ചെയ്യുമാറാകണമേ. ഹോശോ...**

### (കോനൂനോയൗനോയൊ)

**ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ എന്നന്നേക്കും വാഴ്ത്തപ്പെട്ടവനും മഹത്വമുള്ളവനും ശ്രേഷ്ഠനുമാകുന്നു.**

**1. നാനാവിധ വാദ്യങ്ങളുമൊത്തതിമധുരിമയോലും രാഗത്തൊടു**
**കാഞ്ചനനിർമ്മിത ബിംബങ്ങളെ വന്ദിപ്പൂ**
**പാർത്താലിന്നാശ്വാസദനാം റൂഹായുടെ കാരുണ്യം**
**നമ്മെ സമബലനായാദിയെഴാത്തവനായ് വാഴ്വോനാം**
**മൂന്നാമനെ-വന്ദിച്ചാഘോഷിപ്പാൻ പ്രേരിപ്പിക്കുന്നു-**
**എന്നന്നേക്കും നീ ധന്യൻ.**


@FIOK*.MOC.KTYM

*(പൊന്നുകൊണ്ട് ഉണ്ടാക്കപ്പെട്ടതായ ജീവനില്ലാത്ത ബിംബങ്ങളെ നാനാ വിധ ഗീതവാദ്യങ്ങൾ സഹിതം വന്ദിക്കേണ്ടിയിരുന്നു. എന്നാൽ ഇപ്പോൾ മൂന്നാമനായ ഒരുത്തനെ നാം വന്ദിച്ച് സ്തോത്രം ചെയ്യണമെന്ന് പാറക്ക ലീത്താറൂഹായുടെ കൃപ നമ്മെ പ്രേരിപ്പിക്കുന്നു. ശക്തിയിൽ സമനും, ആരം ഭമില്ലാത്തവനും ആയ നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു.)*

**പരിശുദ്ധനായുള്ളോവേ! നിന്റെ മഹനീയനാമം വാഴ്ത്തപ്പെട്ടതാകുന്നു. നീ എന്നേക്കും മഹത്ത്വമുള്ളവനും ശ്രേഷ്ഠനുമാകുന്നു.**

**2. ദൈവികദർശന സമ്പന്നൻ യൂയേൽ ആദ്യവചസ്സാം ദൈവത്തിൻ**
**തിരുമൊഴിയെന്നോണം-**
**സർവ്വജഡങ്ങളിലും പകരും ഞാനെന്നാത്മാവിനെ എന്നാർത്താൻ-**
**മൂന്നാമാളാമേകപ്രകൃതീ! കതിരുകൾ മൂന്നുള്ളോനേ! തേജോദാതാവേ!-**
**നീയെന്നേക്കും ധന്യൻ താനെന്നേവം നാമും ഘോഷിപ്പാൻ.**
**ബാറെക്മോർ. ശുബഹോ... മെനഓലം...**

*(ഏകസ്വഭാവത്തോടുകൂടിയ മൂന്നാമനും, മൂന്ന് പ്രകാശകിരണങ്ങളുള്ള തേജോദാതാവുമായവനോട് ഒരുമിച്ച് "നീ എന്നേക്കും വാഴ്ത്തപ്പെട്ടവൻ" എന്ന് നാമും അട്ടഹസിച്ചു പറയുവാൻ വേണ്ടി ആദ്യവചനമായ ദൈവത്തിന്റെ വായിൽ നിന്നെന്ന പ്രകാരം തന്റെ നിക്ഷേപങ്ങളുടെ സമൃദ്ധികൊണ്ട് "സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ ചിന്തു"മെന്ന് ദിവ്യദർശനക്കാരനായ യോവേൽ വിളിച്ചുപറഞ്ഞു.)*

**3. ഭാവത്തിന്നൈക്യത്തിൽ സമമധികാരമെഴും മൂന്നതിപാവനമാം-**
**ക്നൂമാകളെ നാം സവിശേഷം പൂജിപ്പാൻ-**
**മൂന്നാം മണിനേരം റൂഹായുടെ കൃപയാവാസം ചെയ്തു**
**ഈ ദിനമോ കർത്താവിൻ ദിനമാം ഞായറുതന്നെ**
**സ്രഷ്ടാവേ! നീയെന്നേക്കും ധന്യൻ, താനെന്നേവം-**
**ജനകാത്മജവിമലാത്മാവൊടു നാമാർത്തീ-ടേണം.**

*(ഏകാധികാരി ആയിരിക്കുന്നവന്റെ നിർമ്മലസ്വഭാവത്താൽ വിശുദ്ധ മൂന്ന് ക്നൂമാകളെ നാം ആന്തരീയമായി സേവിപ്പാൻവേണ്ടി റൂഹായുടെ കൃപ മൂന്നാം മണിനേരം ആവസിച്ചു, എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവേ! നീ എന്നേക്കും വാഴ്ത്തപ്പെട്ടവനാണെന്നു കർത്തൃത്വത്തിനടുത്ത ഒന്നാം ദിവസം പിതാവി നോടും പുത്രനോടും പരിശുദ്ധാത്മാവിനോടും നാം അട്ടഹസിച്ചു പറയുന്നു.)*



@FIOK*.MOC.KTYM

**കർത്താവിന്റെ സകല ദാസന്മാരുമേ! അവനെ വാഴ്ത്തി എന്നേക്കും സ്തുതിച്ചു പുകഴ്ത്തുവിൻ**

**4. ആത്മാവാം ദൈവത്തിൻ മൂന്നാം കതിരിൻ ദൃഷ്ടാന്തം-**
**ബന്ധനമെല്ലാമൊഴിവാക്കീട്ടെരിതീയിൽ പനിനീർ വീഴ്ത്തി-**
**പൈതങ്ങളവൻപേർക്കായ് സ്തോത്രം പാടുന്നു.**
**രക്ഷകനാം സ്രഷ്ടാവാമവനെ ഉപകാരിയെയെന്ന കണക്കെല്ലാ-**
**സൃഷ്ടികളും സവിശേഷം വാഴ്ത്തുന്നൊന്നായ്.**

*(അദൃശ്യനായ ദൈവത്തിന്റെ കതിരുകളിൽ മൂന്നാമതായി സാദൃശപ്പെടുന്നവൻ ബന്ധനങ്ങളെ അഴിക്കുകയും തീജ്വാലയിന്മേൽ പനിമഞ്ഞു തളിക്കുകയും ചെയ്തു. പൈതങ്ങൾ അവനെ സ്തുതിച്ചു. സർവ്വ നന്മകളെയും പ്രവർത്തിക്കുന്ന രക്ഷകനും, സകലത്തെയും നിർമ്മിക്കുന്നവനുമായവനെ താൻ സൃഷ്ടിച്ച സകല സൃഷ്ടിയും ഒരുപോലെ കൂട്ടമായി വാഴ്ത്തി.)*

**5. സംവ്രതരും വിമലരുമാം ശ്ലീഹന്മാരോടായ് -**
**"തീ നാവെന്നവിധം റൂഹാ നിങ്ങളിലാഗതമാകും-**
**ആ ധന്യൻ നിങ്ങളിലോരോരുത്തനിലും ചെയ്തിടുമാവാസം" -**
**എന്നരുളിയ രക്ഷാകരമാം വാഗ്ദത്തം മശിഹായോർത്തു-**
**നിൻ സന്നിധി വിട്ടൊരു സൃഷ്ടികളവനാൽ സ്തുതി തേ-പാടും.**
**ബാറെക്മോർ. ശുബഹോ... മെനഓലം...**

*("തീ നാവുപോലെ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്ന് നിങ്ങളിൽ ഓരോരുത്തരുടെമേലും ആവസിക്കും" എന്ന് തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരുമായ തന്റെ ശ്ലീഹന്മാരോട് പറഞ്ഞ തന്റെ രക്ഷാകരമായ വചനങ്ങളെ മശിഹാ ഓർത്തു. നിന്നിൽനിന്ന് അകന്നുപോയിരുന്ന സൃഷ്ടി അവൻ മുഖാന്തരം നിന്നെ സ്തുതിക്കും.)*

**6. രാജാവേ! ശാരീരികമാം നിന്നാഗമനത്തെയും**
**താതോത്ഭവനുമസൃഷ്ടിയുമായ് സ്രഷ്ടാവിൻ നിലയിൽ നിനക്കു-**
**സമാനനുമാം റൂഹായെയും മുൻചൊന്നോരാ**
**നിബിയന്മാരുടെ പരിപാവനമാമാത്മബലത്താൽ നിശ്വസിതം വദനം ശ്രേഷ്ഠം**
**സാദരമവരോടൊപ്പം നിന്നെ വിശ്വാസികളാമടിയാരെല്ലാരും വന്ദിക്കുന്നു.**



@FIOK*.MOC.KTYM

*(രാജാവേ! ജഡപ്രകാരമുള്ള നിന്റെ വരവിനെക്കുറിച്ചും, പിതാവിന്റെ മടിയിൽനിന്ന് പുറപ്പെടുന്ന സൃഷ്ടിയല്ലാത്തവനും, സ്രഷ്ടാവെന്ന നിലയിൽ നിനക്ക് സമനുമായ നിന്റെ റൂഹായെക്കുറിച്ചും സുവിശേഷിച്ച ദീർഘദർശിമാരുടെ ആത്മാവിനാൽ നിശ്വസിതമായ വായ് സ്തുതിക്കപ്പെട്ടതാകുന്നു. വിശ്വാസികളായ ഞങ്ങളെല്ലാവരും അവരോടുകൂടെ ഭക്തിയോടെ നിന്നെ വന്ദിക്കുന്നു.)* **സ്തൗമെൻ കാലോസ്....**

## പ്രുമിയോൻ

**മാളികയിൽവച്ച് തന്റെ കിരണങ്ങൾ പ്രകാശിപ്പിച്ച് വിദ്യാവിഹീനരായിരുന്ന ശ്ലീഹന്മാരുടെ മനസ്സുകൾക്കു ദൃഢത നൽകിയവനും സംസ്കാരവിഹീനരായിരുന്ന ആ പന്ത്രണ്ടു പേരും ഒരുപോലെ സംസാരിക്കത്തക്കവിധം അവർക്കു ഭാഷകൾ വിഭജിച്ചുകൊടുത്തവനും പരിശുദ്ധാത്മാവിനെ പ്രാപിക്കത്തക്കവണ്ണം അവരുടെമേൽ ഊതി അവരെ ജ്ഞാനികളാക്കി, "നിങ്ങൾ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ട് വിജാതീയരോടു സത്യവിശ്വാസം പ്രസംഗിപ്പിൻ; മാർഗ്ഗഭ്രംശത്തിൽനിന്ന് സൃഷ്ടികളെ സത്യവിശ്വാസൈക്യതയിലേക്കു തിരിപ്പിക്കുവിൻ" എന്നരുളിച്ചെയ്തവനും ആയ നീതിയുടെ സൂര്യനും അപ്രമേയകിരണവും ആയവന് നിത്യസ്തുതിയും സാഷ്ടാംഗമായ ആരാധനയും വിനീതമായ സ്തോത്രവും നാം സമർപ്പിക്കണം. തനിക്ക് ഈ സമയത്തും....**

## സെദറാ

**ആന്തരികപ്രകാശം നൽകുന്ന കിരണവും പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ സ്വർഗ്ഗീയസേനകൾ വാഴ്ത്തിപ്പുകഴ്ത്തുന്നവനും ആയ മിശിഹാതമ്പുരാൻ നമ്മുടെ അടുക്കൽ ഇറങ്ങിവന്ന് സ്വയം നമ്മോടുകൂടെ ചേരുവാൻ തിരുവിഷ്ടം തോന്നി, നമുക്കു രക്ഷാഹേതുകമായിത്തീർന്ന ജനനം, മാമ്മൂദീസാ, ക്രൂശാരോഹണം, മരണം, പുനരുത്ഥാനം എന്നിവ നിർവഹിക്കുവാൻവേണ്ടി വിശുദ്ധ കന്യകയിൽനിന്ന് ജഡികമായി ജനിക്കുവാൻ സന്നദ്ധനായി. പിതൃസന്നിധിയിലേക്ക് ആരോഹണം ചെയ്‌വാൻ തനിക്കു തിരുവിഷ്ടം തോന്നിയപ്പോൾ ശ്ലീഹന്മാരെ സൈത്തുപർവ്വതത്തിൽ ഒരുമിച്ചുകൂട്ടി വിശുദ്ധമായ തന്റെ കൈവയ്പു മൂലം അനുഗ്രഹിച്ച് ആചാര്യത്വനൽവരങ്ങൾ സമൃദ്ധിയായി അവർക്കു നൽകുകയും അവരിൽ വിശുദ്ധ റൂഹായെ നിശ്വസിച്ച് പിതൃസന്നിധിയിൽനിന്ന് പരിശുദ്ധാത്മാവിനെ ഞാൻ നിങ്ങൾക്കായി അയച്ചുതരുന്നതുവരെ നിങ്ങൾ**



@FIOK*.MOC.KTYM

ഊർശ്ലേമിൽ താമസിപ്പിൻ; അവൻ സമൃദ്ധമായ തന്റെ നൽവരങ്ങൾ മൂലം നിങ്ങളെ പ്രകാശിപ്പിച്ച് ജ്ഞാനികളാക്കിത്തീർക്കും; ഞാൻ പോകാതെ ആശ്വാസദാതാവ് നിങ്ങളുടെ അടുക്കൽ വരികയില്ല; എന്ന് അവരോട രുളിച്ചെയ്യുകയും ചെയ്തു. ഇങ്ങനെ ശ്ലീഹന്മാരെ സ്ഥിരചിത്തരാക്കിയ ശേഷം കാഹളധ്വനിയോടുകൂടി സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത് പ്രഭാവസമേതം പിതാവിന്റെ വലതുവശത്ത് ഉപവിഷ്ടനായി. ഈ പെന്തിക്കൊസ്തിപ്പെരുന്നാളിൽ പരിശുദ്ധ റൂഹാ പെട്ടെന്ന് അവരിൽ ആവസിച്ച് ദൈവികനൽവരങ്ങൾ നൽകുകയും ദിവ്യജ്ഞാനംകൊണ്ട് അവരെ അലങ്കരിക്കുകയും ആത്മീയോപദേശങ്ങൾ മൂലം അവരെ പ്രകാശിപ്പിക്കുകയും സകലജാതികളുടെയും ഭാഷകൾകൊണ്ട് അവരെ ഐശ്വര്യപ്പെടുത്തുകയും ചെയ്തു. ഇന്ന് വിദ്യാവിഹീനന്മാർ ജ്ഞാനികളും ദിവ്യങ്ങളായ വിശുദ്ധകൂദാശകളെ അനുഷ്ഠിക്കുന്നവരുമായി പരിണമിച്ചിരിക്കുന്നതു കണ്ടപ്പോൾ ദുഷ്ടന്മാരായ യഹൂദന്മാർ ദുഃഖിച്ചുനിന്നുപോയി. ജീവദായകമായ വിശുദ്ധാത്മദാനം മൂലം ഇന്ന് വിശുദ്ധ ശ്ലീഹന്മാർ ദൈവികമായ പുതുവീഞ്ഞ് പാനംചെയ്യുകയും തന്നിമിത്തം യഹൂദന്മാർ അസൂയാലുക്കളായി "ഇവർ പുതുവീഞ്ഞുകുടിച്ചു മദിച്ചിരിക്കുന്നു" എന്ന് അപവാദം പറയുകയും ചെയ്തു. ഏകജാതൻ ചെയ്തിരുന്ന വാഗ്ദാനം ഇന്നു നിറവേറിയിരിക്കുന്നതായി കണ്ടിട്ട് ശെമഓൻ കീപ്പാ സന്തോഷിക്കുകയും അന്ത്രേവാസും സബദിമക്കളും മറ്റു വിശുദ്ധ ശ്ലീഹന്മാരും മഹാസന്തോഷത്തോടും ആനന്ദത്തോടുംകൂടി നിലകൊള്ളുകയും ചെയ്തു. ഇന്നു പാറക്കലീത്തായുടെ വരവുമൂലം മാളിക രണ്ടാം ബാബേലായിത്തീർന്നു. അത് ആദ്യത്തെപ്പോലെ ശിക്ഷയായി ഭാഷകൾ ഭിന്നിപ്പിക്കപ്പെട്ടതിനാലല്ലായിരുന്നു; പ്രത്യുത സത്യോദ്ഘോഷണാർത്ഥം ശ്ലീഹന്മാർ ജ്ഞാനികളായിത്തീരുന്നതിനുവേണ്ടി കൃപാപ്രകാശം മൂലം വിശുദ്ധാത്മശക്തിയാൽ പ്രകാശിക്കപ്പെട്ടതിനാലായിരുന്നു. ഇന്ന് യീഹൂദസ്ക്കറിയോത്ത തന്റെ സഖികളായിരുന്ന വിശുദ്ധ ശ്ലീഹന്മാർ സ്വർഗ്ഗീയരഹസ്യങ്ങളുടെ ദൈവികശോഭയാൽ രൂപാന്തരപ്പെട്ട് ബുദ്ധിക്കും മനസ്സിനും പ്രകാശം നേടിയതു കണ്ടപ്പോൾ ലജ്ജയോടെ നിൽക്കേണ്ടിവന്നു. ഇപ്പോൾ കർത്താവേ! ഈ പെന്തിക്കൊസ്തിദിവസത്തിൽ നിന്റെ അവർണ്ണ്യമായ മനുഷ്യസ്നേഹത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജീവദായകനായ നിന്റെ വിശുദ്ധ റൂഹായുടെ കൃപ ഞങ്ങളിൽ ചൊരിയണമേ. സകല പാപമു


@FIOK*.MOC.KTYM

ള്ളുകളിൽനിന്നും വെടിപ്പുള്ളവരായി, സുകൃതം, വിശ്വാസം, പ്രത്യാശ, യഥാർത്ഥസ്നേഹം എന്നീ ആത്മീയഫലങ്ങൾ നിനക്കു സമർപ്പിക്കുവാൻ ഞങ്ങൾ അർഹരായി ഭവിക്കണമേ. വിശുദ്ധസഭയ്ക്കു തിരുസന്നിധിയിൽ നിന്നുള്ള നിരപ്പും സമാധാനവും നൽകണമേ. രോഗികളെയും പീഡിത രെയും ഞങ്ങളുടെ ബലഹീനമായ മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യപ്പെട്ടവ രെയും ആവശ്യപ്പെടുന്നവരെയും ദയാപൂർവ്വം നീ ദർശിക്കുമാറാകണമേ. ഞങ്ങളുടെ പിതാക്കൾക്കും സഹോദരങ്ങൾക്കും പ്രഭുക്കൾക്കും വിശ്വാ സികളായ സകല പരേതർക്കും സ്നേഹപൂർവ്വം ആശ്വാസവും നല്ല ഓർമ്മയും നൽകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ....

## കോലോ - മോറിയൊമോറാൻ

ഈശാ നാഥാ!-വാരപ്പെരുന്നാളായിടുമീ
പെന്തിക്കൊസ്തിൻ-പാവനമാം നാളിൽ
തീ പോലെത്തി-പാറക്കലീത്തായാം റൂഹാ
വെണ്മാടത്തിൽ-നൽശിഷ്യന്മാർക്കായ്
സദ്വിശ്വാസം-സ്നേഹം സൽഗതിയെന്നിവയിൽ
പൂർണ്ണത നൽകി-ചെന്നുദ്ഘോഷിച്ചാർ
ഹാലേലുയ്യാ-നേർവഴി വിട്ടൊരു ജാതികളെ
ശീലിപ്പിച്ചു-സത്യത്തിൻ മാർഗ്ഗം.

ഈശാ നാഥാ!-സ്വർഗ്ഗാരോഹത്തിൻ നാൾ നീ
നിൻ പന്തിരുവർ-ക്കേകി വാഗ്ദാനം
താതങ്കൽ ചെ-ന്നാശ്വാസദനെ അയയ്ക്കും ഞാൻ
അവനാൽ നിങ്ങൾ-സ്ഥൈര്യം നേടീടും
ശീലിപ്പിക്കും-നിങ്ങളെ നിർമ്മലമാം മർമ്മം
ദുഷ്ടനെന്നെതിരായ് -വാളേന്തും നിങ്ങൾ
ഹാലേലുയ്യാ-തെറ്റിപ്പോയോരാമന്യർ-
ക്കേകും നിങ്ങൾ-നേരാം വിശ്വാസം.
ബാറെക്മോർ. ശുബഹോ....



@FIOK*.MOC.KTYM

ഈശാ നാഥാ! പെന്തിക്കൊസ്തിൻ പാവനമാം
ഈ ദിവസത്തിൽ-യാചിപ്പൂ ഞങ്ങൾ
ശുദ്ധാത്മാവിൻ-ദാനത്താൽ ബലമേകണമേ
ദുഷ്ടാത്മാവാം-വൈരിയൊടേറ്റിടാൻ
ഹാലേലുയ്യാ-ത്രിത്വത്തിൻ വൻമർമ്മത്തെ
വന്ദിച്ചെങ്ങൾ-സ്തോത്രം ചെയ്യേണം. മെനഗാലം....

ശ്ലീഹന്മാരേ!-വിശ്വാസത്തിൻ ശില്പികളേ!
നിർമ്മലസഭയെ- നിർമ്മിതി ചെയ്തോരേ!
ആനന്ദിപ്പിൻ-ജീവദറൂഹായാം വീഞ്ഞിൽ
ഇരുളാ≠ർതൻ-വെളിവായ് തീർന്നീടാൻ
പരമോന്നതമാം-ഏകമതാം സാരാംശത്തിൽ
പൊരുളൊന്നായി-ക്നൂമാ മൂന്നാകും
ഹാലേലുയ്യാ-താതാത്മജറൂഹായാകും
ത്രിത്വത്തെയുദ്-ഘോഷിച്ചോതീടിൻ. മൊറിയൊ....

## എത്രൊ

മിശിഹാതമ്പുരാനെ! ഈ ദിവസത്തിൽ പരിപൂർണ്ണമായ വിശുദ്ധാത്മ കൃപകൊണ്ട് ശ്ലീഹന്മാരുടെ ഹൃദയങ്ങളെ നീ നിറയ്ക്കുകയും വിശുദ്ധാത്മവാസം മൂലം അവരോടുള്ള വാഗ്ദാനം നിറവേറ്റുകയും ചെയതുവല്ലോ. തിരുമുമ്പാകെ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ ധൂപത്തെ അംഗീകരിച്ച് ദുഷ്ടതയിൽനിന്ന് ഞങ്ങളെ വെടിപ്പും വെണ്മയുമുള്ളവരാക്കിത്തീർത്ത് നിന്റെ കൃപയാകുന്ന സോപ്പായാൽ രക്ഷിക്കപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. മൂന്നു വിശുദ്ധ ക്നൂമാകളെ വെടിപ്പോടുകൂടി ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും വന്ദിച്ച് മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ. ഹോശോ....

## സൂമ്മോറൊ

നാഥാ! താവകമാം രാജ്യം-വിശ്വവ്യാപകമാം രാജ്യം
താവകമധികാരം പാരിൻ-സീമകളോളം വാഴുന്നു
നിൻകൃപയാൽ ഞാൻ പ്രണമിക്കും-നിൻപരിപാവന നിലയത്തിൽ


@FIOK*.MOC.KTYM

## വായനകൾ

2 രാജാക്കന്മാർ 2 : 14 17 യോവേൽ 2 : 25 – 32
അപ്പോ. പ്രവൃത്തികൾ 19 : 8 – 12 1 കോരിന്തി 14 : 26 – 33.

## പെത്ഗോമൊ

**ഹാലേ... ഉ ഹാലേലുയ്യാ എന്നിലൊരമലം ഹൃദയത്തെ സൃഷ്ടിക്കുക ദേവേശാ! നൂതനമാക്കുക നിൻ സുസ്ഥിര റൂഹായേയെന്നിൽ. ഹാലേലുയ്യാ.**

## ഏവൻഗേലിയോൻ

### വി. യോഹന്നാൻ 4:13–23

യേശു അവളോട് 'ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹമുണ്ടാകും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഒരുവനും പിന്നെയൊരിക്കലും ദാഹമുണ്ടാകയില്ല. ഞാൻ കൊടുക്കുന്ന ജലം അവനിൽ നിത്യജീവനെ ഉത്പാദിപ്പിക്കുന്ന നീരുറവയായിത്തീരും' എന്ന് പറഞ്ഞു. ആ സ്ത്രീ അവനോട് 'യജമാനനേ! എനിക്ക് ഇനി ദാഹിക്കാതെയും, ഇവിടെ നിന്ന് എനിക്കു വെള്ളം കോരുവാൻ ഇടയാകാതെയും ഇരിപ്പാൻ ആ വെള്ളം എനിക്കു തരണമേ' എന്ന് പറഞ്ഞു. യേശു അവളോട് 'നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക' എന്ന് പറഞ്ഞു. അവൾ അവനോട് 'എനിക്കു ഭർത്താവില്ല' എന്ന് പറഞ്ഞു. യേശു അവളോട് 'എനിക്കു ഭർത്താവില്ലെന്ന് നീ പറഞ്ഞതു ശരി. എന്നാൽ അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിട്ടുണ്ട്. ഇപ്പോൾ ഉള്ളവൻ നിന്റെ ഭർത്താവല്ല. ഈ സത്യമാണ് നീ പറഞ്ഞത്' എന്ന് പറഞ്ഞു. ആ സ്ത്രീ അവനോട് 'യജമാനനേ! അങ്ങ് ഒരു പ്രവാചകനാണെന്ന് എനിക്കു തോന്നുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണ് ദൈവാരാധന നടത്തിയത്. ആരാധിക്കേണ്ട സ്ഥലം ഊർശ്ലേമിലാണെന്ന് നിങ്ങളും പറയുന്നു' എന്ന് പറഞ്ഞു. യേശു അവളോട് ഇപ്രകാരം പറഞ്ഞു: 'സ്ത്രീയേ! എന്നെ വിശ്വസിക്കുക. പിതാവിനെ ആരാധിക്കേണ്ടത് ഈ മലയിലുമല്ല, ഊർശ്ലേമിലുമല്ല എന്ന സമയം വരും. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. എന്നാൽ ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ രക്ഷ യഹൂദന്മാരിൽ നിന്നാണ് ഉണ്ടാകുന്നത്. എങ്കിലും യഥാർത്ഥ ആരാധകർ പിതാവിനെ ആത്മാവുകൊണ്ടും സത്യംകൊണ്ടും ആരാധിക്കുന്ന സമയം വരുന്നു. അത് ഇപ്പോൾ തന്നെ



@FIOK*.MOC.KTYM

യുമാകുന്നു. പിതാവും ഇങ്ങനെയുള്ള ആരാധകരെയാണ് ആവശ്യപ്പെടുന്നത്. എന്തെന്നാൽ ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവു കൊണ്ടും സത്യം കൊണ്ടും ആരാധിക്കേണ്ടതാകുന്നു.

## ലുത്താനിയാ

**ശെമ്മാശൻ:-** നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായി നിന്നുകൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം. കുറിയേലായിസോൻ.

**ശെമ്മാശൻ:-** പൂർവ്വപിതാക്കന്മാർക്കും ദീർഘദർശിമാർക്കും സൂചനയായും അവ്യക്തമായും മുൻകൂട്ടി അറിയപ്പെടുകയും എന്നാൽ ശ്ലീഹന്മാർക്കു വ്യാഖ്യാനാതീതമായ നിലയിൽ പ്രത്യക്ഷമായി വെളിപ്പെടുകയും ചെയ്ത ഞങ്ങളുടെ മിശിഹാതമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.
കുറിയേലായിസോൻ.

**ശെമ്മാശൻ:-** പിതാവിന്റെ നിസ്സീമമായ മടിയിൽനിന്ന് കാലങ്ങൾക്കും സമയങ്ങൾക്കും അതീതമായി അവർണ്ണനീയമായ നിലയിൽ ജനിച്ചവനും പിതാവിൽനിന്ന് പുറപ്പെട്ട് നിന്നിൽ നിന്നെടുക്കുന്ന റൂഹായുടെ ആവാസം മൂലം ഇന്നു വിശുദ്ധ ശ്ലീഹന്മാരെ ദിവ്യദാനത്താൽ പ്രശോഭിപ്പിച്ചവനും ആയ മിശിഹാതമ്പുരാനേ! നിന്റെ ദാസന്മാരായ ഞങ്ങളെ ദിവ്യദാനങ്ങളാകുന്ന സമ്പത്തിന് അർഹരാക്കിത്തീർക്കണമെ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസോൻ.

**ശെമ്മാശൻ:-** ആശ്വാസപ്രദനായ റൂഹായെ അയച്ചുകൊടുക്കാമെന്ന് വിശുദ്ധ ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തവനും ഈ ദിവസത്തിൽ, ഈ സമയത്തുതന്നെ, ആ വാഗ്ദാനം നിറവേറ്റിയവനുമായ മിശിഹാതമ്പുരാനേ! നിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസോൻ.

**ശെമ്മാശൻ:-** ദൈവോചിതമായ നിന്റെ പുനരുത്ഥാനം മൂലം പാപപതനത്തിൽനിന്ന് ഞങ്ങളെ ഉദ്ധരിച്ചതുകൊണ്ടു മാത്രമല്ലാ, ഞായറാഴ്ച പെന്തിക്കൊസ്തി ദിവസങ്ങൾ ഭാവിലോകത്തിന്റെ പ്രതിഛായ കൂടിയാകയാൽ ഞായറാഴ്ച പെന്തിക്കൊസ്തി ദിവസങ്ങളിൽ നല്ല നിലയിൽ ഒരുമിച്ചുകൂടി പ്രാർത്ഥന നടത്തണമെന്ന് ഞങ്ങളെ പഠിപ്പിച്ച മിശിഹാതമ്പുരാനേ! വിശുദ്ധ ശ്ലീഹന്മാരെ വിശുദ്ധാത്മ നൽവരം മൂലം നീ പൂർത്തീ

കരിച്ച ഊ വിശുദ്ധദിവസത്തിലെ ആരാധനവഴിയായി ആ ദൈവിക നൽവരങ്ങളാൽ ഐശ്വര്യം പ്രാപിച്ച് ദൃശ്യരും അദൃശ്യരുമായ ഞങ്ങളുടെ ശത്രുക്കളെ വിജയിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഏറ്റുചൊല്ലണം. കുറിയേ.... കുറിയേ..... കുറിയേ....

**ശെമ്മാശൻ:-** നാം നിലത്തു മുട്ടുകുത്തി കർത്താവിനോടു പ്രാർത്ഥിക്കണം.

(എല്ലാവരും മുട്ടുകുത്തുന്നു.
പട്ടക്കാരൻ ദർഗായുടെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട്)

## രഹസ്യപ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനേ! വിഗ്രഹാരാധന മൂലം ആകെൽക്കറുസായുടെയും അഹങ്കാരികളായ പിശാചുക്കളുടെയും ആരാധകരായി പരിണമിച്ചിരുന്ന ഞങ്ങളെ ഞങ്ങളുടെ അടുക്കലേക്കുള്ള കരുണയും കൃപയും നിറഞ്ഞ നിന്റെ മനുഷ്യസ്നേഹത്തിന്റെ അവതരണം മൂലം വിശുദ്ധത്രിത്വത്തിന്റെ യഥാർത്ഥ ആരാധകന്മാരായി നീ പൂർത്തീകരിച്ചു. ദൈവോചിതമായ നിന്റെ പുനരുത്ഥാനം മുഖാന്തരം പാപവീഴ്ചയിൽനിന്ന് ഞങ്ങളെ നീ യഥായോഗ്യം ഉദ്ധരിച്ച് ഞങ്ങളുടെ ആന്തരികശത്രുക്കളെ ഞങ്ങളുടെ കാൽക്കീഴാക്കി വച്ചു. അവർ മുട്ടുമടക്കി വീണുപോയി, ഞങ്ങൾ എഴുന്നേറ്റു സന്നദ്ധരാവുകയും ചെയ്തിരിക്കുന്നു എന്ന് ധൈര്യപൂർവ്വം കീർത്തിക്കുവാൻ ഞങ്ങൾക്കു നീ ശക്തി നൽകുകയും ചെയ്തു. ഉന്നതത്തിൽനിന്ന് ദിവ്യശക്തി പ്രാപിക്കുന്നതുവരെ ഊർശ്ലേമിൽനിന്ന് അകലെ പോകരുതെന്ന് നിന്റെ വിശുദ്ധ ശ്ലീഹന്മാരോടു നീ കൽപ്പിക്കുകയും നിർവ്യാജമായ നിന്റെ വാഗ്ദാനത്തിനായി കാത്തിരുന്നുകൊണ്ട് അതിനെ അവർ അനുസരിക്കുകയും ചെയ്തു. ഇന്ന് അഗ്നിനാവുകളുടെ രൂപത്തിൽ അവരുടെമേൽ പരിശുദ്ധ റൂഹാ ആവസിച്ച് ആ വാഗ്ദാനം നിറവേറ്റി. നീ അയച്ചതായ പരിശുദ്ധ റൂഹാ മൂലം സകല സ്വജാതികളോടും പുറജാതികളോടും സ്വർഗ്ഗത്തിൻകീഴുള്ള സകല ഭാഷകളിലും വിശുദ്ധത്രിത്വത്തിന്റെ മർമ്മം ധൈര്യസമേതം പരസ്യമായി പ്രസംഗിക്കുവാനും മഹനീയമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിപ്പാനും തക്കവിധം അവർ സന്നദ്ധതയും ശക്തിയുമുള്ളവരായിത്തീർന്നു. ആകയാൽ ഞങ്ങൾ നിന്നെ വന്ദിച്ച് നിലത്തു മുട്ടുകുത്തുന്നു. ഇതു



@FIOK*.MOC.KTYM

മുഖാന്തരം നിന്നെയും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ചവനുമായ നിന്റെ പിതാവിനെയും വിശുദ്ധനും ജീവദായകനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ പാറക്കലീത്താ റൂഹായെയും ആത്മീയമായും, യഥാർത്ഥമായി ആരാധിക്കുവാൻ ഞങ്ങൾ അർഹരായിത്തീർന്നിക്കുന്നു എന്ന് ഞങ്ങൾ സ്പഷ്ടമാക്കിക്കൊള്ളുന്നു. ഹോശോ...

പട്ടക്കാരൻ:- (ഉച്ചത്തിൽ)

ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവിൻ.

**മാനീസാ**

പെന്തിക്കൊസ്തിൻ നാൾവരെ നാം – പ്രണമിക്കാറില്ലർത്ഥനയിൽ
ദൈവികഗായക നിബിയാകും – ദാവീദിനൊടൊപ്പം ഞങ്ങൾ
വൈരികളോടെതിരിട്ടേവം – വീറൊടു പാടി പറയുന്നു
ദ്വേഷികളൂഴിയിൽ നിപതിച്ചു – സോത്സാഹം നിലകൊണ്ടെങ്ങൾ
പാവനറൂഹാ തീനാവായ് – കാന്തി ചൊരിഞ്ഞപ്പോൾ കാണ്മാൻ
കണ്ണുകൾ മഞ്ചുകയാൽ ഞങ്ങൾ – വിധിപോൽ നതി ചെയ്തീടുന്നു.

---

# മൂന്നാം ശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ മാളികയിൽ വച്ച് ഇറങ്ങിവന്ന് ദിവ്യമായ ജ്ഞാനത്താൽ അവരുടെ മനസ്സുകളെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ വിശുദ്ധ റൂഹാ! നിന്റെ നൽവരങ്ങളാകുന്ന സൗഭാഗ്യകിരണങ്ങളാൽ ഞങ്ങളെയും പ്രകാശിപ്പിക്കണമേ. ഞങ്ങൾ എല്ലാസമയത്തും നിന്നെയും നീ ആരിൽനിന്ന് പുറപ്പെടുന്നുവോ ആ പിതാവിനെയും നീ ആരിൽനിന്ന് എടുക്കുന്നുവോ ആ പുത്രനെയും നവീനമായി സ്തുതിക്കുമാറാകണമേ. ഹോശോ...



@FIOK*.MOC.KTYM

## മാവൂർബൊ

**മറിയാം പറഞ്ഞു: എന്റെ ദേഹി കർത്താവിനെ സ്തുതിക്കുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ആഹ്ലാദിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ വിനയത്തെ കടാക്ഷിച്ചു. ഇതു മുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്ന് കീർത്തിക്കും.**

**രാജ്ഞീ മാതാവേ! സകലധരാതലകന്യാകാന്തീ! ശാന്തീ–**
**ഭാഷണപടുതയെഴും നാവും ശബ്ദിപ്പാൻ കഴിവോലും വായും–**
**നിന്നെ വഴിപോൽ വാഴ്ത്താനപ്രാപ്തം**
**വാക്യങ്ങൾക്കപ്പുറമാം നിൻ ഗർഭാധാനത്തെത്തേറീടാൻ–**
**പ്രാഗത്ഭ്യം ബോധങ്ങൾക്കില്ലേതും.**

*(രാജ്ഞിയും, മാതാവും എല്ലാ കന്യകമാരുടെയും പ്രഭയും ആയുള്ളവളേ! നിനക്കു സമാധാനം. സംസാരിപ്പാൻ കഴിവുള്ള യാതൊരു നാവിനോ, ശബ്ദിപ്പാൻ കഴിവുള്ള വായ്ക്കോ നിന്നെ യുക്തമാംവിധം പുകഴ്ത്തുവാൻ പ്രാപ്തിയില്ല. വാക്കുകൾക്ക് അതീതമായ നിന്റെ ഗർഭധാരണത്തെ തിരിച്ചറിയുവാൻ എല്ലാ ബോധങ്ങളും വിഷമിക്കുന്നു.)*

**അവൻ സ്വഹസ്തംകൊണ്ട് വിജയം നേടി. മനസ്സങ്കൽപ്പംകൊണ്ട് അഹങ്കരിച്ചിരുന്നവരെ ചിതറിച്ചു. പ്രബലന്മാരെ സിംഹാസനങ്ങളിൽനിന്ന് ഇറക്കി, വിനീതരെ ഉദ്ധരിച്ചു.**

**ദൈവത്തിൻ വിത കൈക്കൊണ്ടൊരു ബാലിക വിമലത നേടി–**
**താതൻതൻ വലമായമരും തനയൻ മൂലം മണ്മയമാം മനുജകുലത്തിനു–**
**ജീവനമാമൗഷധമാവാൻ**
**ബാലിക തനിയെ വേദന കൂടാതതിനെ ഏറ്റു–**
**ഈ വേളയിലാശ്വാസദനാം റൂഹായിൻകൃപ ഞങ്ങൾക്കായ് പ്രേഷിപ്പിക്ക.**

*(ദൈവത്താൽ വിതയ്ക്കപ്പെട്ട (വിത്തിനെ) കൈക്കൊണ്ട ബാലിക വെണ്മ പൂണ്ടു. തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന പുത്രൻ മൂലം മണ്മയമായ നമ്മുടെ വംശത്തിനു പുതിയ ജീവന്റെ ഔഷധമായിത്തീരുവാൻ വേണ്ടി അവൾ വേദന കൂടാതെ അതിനെ സ്വീകരിച്ചു. ഇപ്പോൾ ഞങ്ങൾക്ക് ആശ്വാസപ്രദനായ റൂഹായുടെ കൃപ അയച്ചു തരണമേ.) ബാറെക്മോർ.ശുബഹോ...*



@FIOK*.MOC.KTYM

**ദൈവിക കൃപയാൽ നിശ്വാസം പൂണ്ടോർ ഞങ്ങൾ–**
**കതിരോനെ പോലൊളി തേടി പാവനവസനംപോൽ ധവളിമ നേടേണം**
**ബോധം ബലമിവകളിലൈക്യം നേടി കതിർമൂന്നുടയോരേകപ്രകൃതിയെ–**
**വിശ്വാസികൾ നാം സാമോദം സ്തുതിചെയ്യേണം.**

*(ദൈവികകൃപയാൽ ഊതപ്പെട്ടിരിക്കുന്ന ഞങ്ങൾ എല്ലാവരും സൂര്യന്റെ സാദൃശ്യത്തിൽ തിളങ്ങി ശോഭിച്ച് സ്ഫുടം ചെയ്യപ്പെട്ട വസ്ത്രം പോലെ യോഗ്യതയെ കൈക്കൊള്ളുമാറാകണമേ. കതിരുകളിൽ മൂന്നാമനായി ഭേദിച്ചുപോകാത്ത പ്രകാശവും ശക്തിയിലും ജ്ഞാനത്തിലും തുല്യനും ആയിരിക്കുന്നവനെ വിശ്വാസികളായ ഞങ്ങൾ എല്ലാവരും സന്തോഷിച്ചു സ്തുതിക്കുമാറാകണമേ.)* **സ്തൗമെൻകാലോസ്.....**

## പ്രുമിയോൻ

**അദൃശ്യനായ പിതാവിൽനിന്ന് പുറപ്പെടുകയും വന്ദ്യനായ പുത്രനിൽ നിന്ന് എടുക്കുകയും ചെയ്യുന്നവനും ആഗ്രഹിക്കുന്നതെല്ലാം തന്റെ മഹാ ശക്തിയാൽ പ്രവർത്തിക്കുകയും ചെയ്യുന്നവനും അവ്യക്തങ്ങളായ ഭാവി കാര്യങ്ങളെ ആദ്യകാലത്ത് ദീർഘദർശിമാർ മുഖാന്തരം സംസാരിച്ചവനും ശ്ലീഹന്മാരിൽ അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധിയോടെ വസിച്ച് അവരെ ജ്ഞാനത്തിലും വിവേകത്തിലും പരിപൂർണ്ണരാക്കി അവർ മുഖാന്തരം അദൃശ്യങ്ങളായ നിഗൂഢ സംഗതികൾ അവസാന കാലത്ത് വെളിപ്പെടുത്തിയവനും ആയ വിശുദ്ധ റൂഹായാകുന്ന കർത്താവിനു സ്തുതി. തനിക്കു ഈ സമയത്തും...........ബ്കുൽഹൂൻ**

## സെദറാ

**പാറക്കലീത്തായായ ദൈവം പള്ളികളെ ശുദ്ധീകരിക്കുന്നവനും സകല ദൈവിക ശുശ്രൂഷകളും പൂർത്തിയാക്കുന്നവനുമാകുന്നു. അവൻ ആചാര്യത്വം നൽകുന്നവനും മാമൂദീസായെ പൂർണ്ണമാക്കുന്നവനും കൂദാശ കളെ വിശുദ്ധീകരിക്കുന്നവനും പാപങ്ങളെ പരിഹരിക്കുന്നവനുമാകുന്നു. റൂഹാ ആഴമേറിയ കാര്യങ്ങൾ പരിശോധിക്കുന്നവനും നിഗൂഢകാര്യങ്ങൾ സംസാരിക്കുന്നവനും ഭാവിസംഗതികൾ അറിയിക്കുന്നവനും അത്ഭുത കർമ്മങ്ങൾ പ്രവർത്തിക്കുന്നവനും ആകുന്നു. വിശുദ്ധ റൂഹാ എടുക്കുന്നവ നാകുന്നു, എടുക്കപ്പെടുന്നവനല്ല. അവൻ പൂർത്തീകരിക്കുന്നവനാകുന്നു,**


@FIOK*.MOC.KTYM

**പൂർത്തീകരിക്കപ്പെടുന്നവനല്ല. സംസാരിക്കുന്നവനാകുന്നു, സംസാരിക്കപ്പെടുന്നവനല്ല. ശുദ്ധീകരിക്കുന്നവനാകുന്നു, ശുദ്ധീകരിക്കപ്പെടുന്നവനല്ല. ദൈവമാക്കുന്നവനാകുന്നു, ദൈവമാക്കപ്പെടുന്നവനല്ല. റൂഹാ സ്വയമായി ചലിക്കുന്നു, റൂഹാ സ്വയമായി അധികാരമുള്ളവനാകുന്നു. റൂഹാ സ്വന്തശക്തിയാൽ ബലവാനാകുന്നു. റൂഹാ സ്വന്തമഹത്വത്താൽ മഹനീയനാകുന്നു. റൂഹാ സ്വന്ത പ്രാബല്യത്താൽ പ്രബലനാകുന്നു. റൂഹാ പ്രകാശവും പ്രകാശദാതാവുമാകുന്നു. റൂഹാ കൃപാലുവും കൃപയുടെ ഉറവയുമാകുന്നു. റൂഹാ നേരുള്ളവനാകുന്നു. റൂഹാ തലവനാകുന്നു. റൂഹാ കർത്താവാകുന്നു. റൂഹാ പുത്രസ്വീകാര്യത്തിന്റേതാകുന്നു. റൂഹാ സത്യവാനാകുന്നു. റൂഹാ ജ്ഞാനിയാകുന്നു. റൂഹാ വിവേകിയാകുന്നു. റൂഹാ അറിവുള്ളവനാകുന്നു. റൂഹാ നല്ല ദൈവഭയം നൽകുന്നു. റൂഹാ തനിക്കായി ആലയങ്ങൾ നിർമ്മിക്കുന്നു. റൂഹാ മാർഗ്ഗദർശിയാകുന്നു. റൂഹാ ആഗ്രഹിക്കുന്നതെല്ലാം പ്രവർത്തിക്കുന്നവനും എന്നാൽ യോഗ്യമായവിധത്തിൽ മാത്രം ആഗ്രഹിക്കുന്നവനുമാകുന്നു. റൂഹാ എല്ലാവർക്കും നൽവരങ്ങൾ വിഭജിച്ചുകൊടുക്കുന്നവനാകുന്നു. റൂഹാ ആശ്വാസകനാകുന്നു. റൂഹാ രാജകീയനാകുന്നു. റൂഹാ പരാക്രമിയാകുന്നു. റൂഹാ പൂർണ്ണത നൽകുന്നവനാകുന്നു. റൂഹാ തികയ്ക്കുന്നവനാകുന്നു. റൂഹാ അവിഭാജ്യനാകുന്നു. റൂഹാ അപരിമേയനാകുന്നു. റൂഹാ മനുഷ്യസ്നേഹമുള്ളവനാകുന്നു. റൂഹാ ദീർഘദർശിമാരെ പൂർണ്ണരാക്കുന്നു. റൂഹാ ശ്ലീഹന്മാർക്ക് പരിപൂർണ്ണത നൽകുന്നു. റൂഹാ സഹദേന്മാരെ സന്നദ്ധരാക്കുന്നു. റൂഹാ ദേവാലയങ്ങളെ അലങ്കരിക്കുന്നു. റൂഹാ ഉപദേഷ്ടാക്കൾക്ക് ദിവ്യജ്ഞാനം നൽകുന്നു. റൂഹാ പരമാർത്ഥികൾക്ക് ജ്ഞാനം നൽകുന്നു. റൂഹാ നന്മകൾ പ്രവർത്തിക്കുന്നു. റൂഹാ സർവ്വശക്തനാകുന്നു. റൂഹാ മുഖാന്തരം പിതാവ് അറിയപ്പെടുന്നു. റൂഹാ മുഖാന്തരം പുത്രനിൽ വിശ്വസിക്കുന്നു. റൂഹാ മാത്രം പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെടുന്നു. റൂഹായ്ക്കു ജനകത്വമൊഴികെ പിതാവിനുള്ള സകലവുമുണ്ട്. റൂഹായ്ക്കു ജനനവും ജഡധാരണവുമൊഴികെ പുത്രനുള്ളതെല്ലാമുണ്ട്. റൂഹാ പിതാവിനെക്കാൾ കുറവില്ലാത്ത അനാദ്യന്തനാകുന്നു. റൂഹാ പുത്രനെക്കാൾ ചെറുപ്പമല്ലാത്ത സ്വയംഭൂവാകുന്നു. റൂഹാ പിതാവിനെക്കാൾ പൂർവ്വികനോ പുത്രനെക്കാൾ പ്രായം കൂടിയവനോ അല്ലാത്ത നിത്യനാകുന്നു. പാറക്കലീത്താ റൂഹായാകുന്ന ദൈവമേ! ഈ സുഗന്ധ ധൂപംമൂലം നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കു**



@FIOK*.MOC.KTYM

കയും അപ്രമേയമായ നിന്റെ ഐശ്വര്യ സമൃദ്ധിയോടു യാചിക്കുകയും ചെയ്യുന്നു. ഇപ്പോൾ നിന്റെ ദൈവികനൽവരങ്ങൾ ഞങ്ങളിൽ നവീകരിക്കണമേ. മാളികയിൽവച്ച് വിശുദ്ധ ശ്ലീഹന്മാരിൽ എന്നവിധം ഞങ്ങളിലും ആവസിക്കണമേ. നിന്റെ സ്വർഗ്ഗീയ നൽവരങ്ങൾ ഞങ്ങൾക്കു വിഭജിച്ചുതരണമേ. നിന്റെ ദിവ്യജ്ഞാനവും നിന്റെ ദിവ്യോപദേശങ്ങളും മൂലം ഞങ്ങളെ നിറയ്ക്കണമേ. നിന്റെ തിരുനിവാസത്തിനു ഞങ്ങളെ ആലയങ്ങളാക്കിത്തീർക്കണമേ. എല്ലാവരിലും ചൊരിയപ്പെട്ടിരിക്കുന്ന നിന്റെ കൃപയാകുന്ന പാനീയത്താൽ ഞങ്ങളെ ഉന്മത്തരാക്കണമേ. നിന്റെ ദാനങ്ങളാകുന്ന വിശിഷ്ടധനത്താൽ ഞങ്ങളെ ധനവാന്മാരാക്കണമേ. നിന്റെ കിരണകാന്തിയാൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. നിനക്കുവേ≠ി ജീവിച്ച് നിനക്കുവേണ്ടി പര്യവസാനിപ്പിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. പാറക്കലീത്താ റൂഹായാകുന്ന ദൈവമേ! ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടുംകൂടി നിന്നെയും നീ മുഖാന്തരവും നിന്റെകൂടെ നീ ആരിൽനിന്ന് പുറപ്പെടുന്നുവൊ ആ വന്ദ്യപുത്രനെയും ഇപ്പോഴും എപ്പോഴും എന്നേക്കും വന്ദിക്കുകയും ചെയ്യുമാറാകണമേ. ഹോശോ......

## കോലോ - പത്ഹ്ലിതറഏ

ആ-ശ്വാസംനൽകും റൂഹാ- ഇപ്പരിപാവനമാം നാളിൽ
തീനാമ്പെന്നവിധം വന്നു - പന്തിരുവർക്കരുളപ്പെട്ടു.
മാനസധൈര്യമവർക്കേകി
പോയ് ജനകാത്മജ റൂഹായാം
ത്രി-ത്വത്തിൻ മർമ്മം - സൃഷ്ടികളോടുദ്ഘോഷിച്ചാർ.

നാ-ഥൻ തൻദാനം നേടാൻ - ശിഷ്യന്മാരൊന്നിച്ചപ്പോൾ
തീനാമ്പിൻ സാദൃശ്യത്തിൽ - റൂഹ്ക്കുദിശാവാനിന്നെത്തി
പ്രഭയുൾക്കാമ്പിലവർക്കേകി
ജ്ഞാനം പരിശീലിപ്പിച്ചു.
പോ-യാരവരെങ്ങും - ഭോഷ്കിന്നെതിരായ് പോരാടാൻ
ബാറെക്...-ശുബഹോ..



@FIOK*.MOC.KTYM

പാറക്കലീത്തായാം റൂഹാ - നിർമ്മലശിഷ്യസമൂഹത്തിൽ
വ-ന്നുൽകൃഷ്ടരഹസ്യത്തെ - ഭൂതലഭാഷകളിൽചൊന്നു
ജനകസുതാത്മാവിൻപേരിൽ
പാപംപോക്കാനും രോഗം
മായിപ്പാനുമവ-ർക്കധികാരം ദാനം ചെയ്തു. മെനഗാലം...

മ-ർമ്മങ്ങൾക്കെതിരായോരീ - പരിപാവനമാകും നാളിൽ
ആ-ശ്വാസപ്രദനാം റൂഹാ - ജ്വാലകണക്കാസൗധത്തിൽ
ആഗതനായ് ശിഷ്യന്മാരെ
ശക്തിസഹായം വിജ്ഞാനം
ശ്രേ-ഷ്ഠാനുഗ്രഹമെ-ന്നിവയിൽ പൂർണ്ണന്മാരാക്കി. മൊറിയൊ...

## എത്രൊ

ആശ്വാസദാതാവായ വിശുദ്ധറൂഹായും അഗ്നിനാവുകളാൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങി ദിവ്യദാനങ്ങൾകൊണ്ട് അവരെ നിറച്ചവനുമായ ദൈവമായ കർത്താവേ! നിനക്ക് അർപ്പിക്കുന്ന ഈ സുഗന്ധ ധൂപംമൂലം നിന്റെ ശക്തിയും ജ്ഞാനവും വിശുദ്ധിയുംകൊണ്ട് കൃപാപുരസ്സരം ഞങ്ങളെ നിറയ്ക്കണമേ. നിന്റെ നൽവരങ്ങളാകുന്ന സമ്പത്തിനു ഞങ്ങളെ അർഹരാക്കിത്തീർക്കണമേ. നീ ആരിൽനിന്നു പുറപ്പെടുന്നുവൊ ആ പിതാവിനും ആരുമൂലം നീ അറിയപ്പെടുന്നുവൊ ആ ഞങ്ങളുടെ കർത്താവേശുമിശിഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ ഒരുമിച്ച് സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ........

## സൂമ്മോറൊ

ക-ർത്താവേ! യോഗ്യം സതതം -
നിൻഭവനത്തിനു പരിശുദ്ധി
ഉ-ടയോൻ വാഴുന്നഭിവന്ദ്യൻ -
ഉ-ടയോൻനാഥൻ ബലമേന്തി

## വായനകൾ

സംഖ്യാ 11 : 16 - 35. 1 ശമുവേൽ 10 : 9 - 15
അപ്പോ. പ്രവൃത്തികൾ. 2 : 1 - 21 1 കോരിന്തി 12 : 1 - 27



@FIOK*.MOC.KTYM

## പെത്ഗോമോ

**ഹാലേലുയ്യാ ഉ ഹാലേലുയ്യാ ആഗതനായ് പാവനറൂഹാ-**
**നിങ്ങളിലോരോരുത്തനിലും ചെയ്യട്ടാവാസം. ഹാലേ...**

## ഏവൻഗേലിയോൻ

**യോഹന്നാൻ 14 : 25 - 27, 15: 26-27, 16: 1-15**

ഞാൻ നിങ്ങളോടുകൂടി ഇരുന്നുകൊണ്ട് ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. പിതാവ് എന്റെ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവായ ആശ്വാസദാതാവ് സകലവും നിങ്ങളെ പഠിപ്പിക്കും; ഞാൻ നിങ്ങളോടു പറയുന്ന സകലവും അവൻ ഓർമ്മപ്പെടുത്തുകയും ചെയ്യും. ഞാൻ നിങ്ങൾക്കായി സമാധാനം തന്നിരിക്കുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങൾക്കു തരുന്നത് ലോകം നൽകുന്നതു പോലെയല്ല. നിങ്ങളുടെ ഹൃദയം ചലിക്കരുത്. ഭയപ്പെടുകയുമരുത്. എന്നാൽ പിതൃസന്നിധിയിൽ നിന്ന് ഞാൻ മുഖാന്തരം നിങ്ങൾക്കായി അയയ്ക്കപ്പെടുന്ന ആശ്വാസദാതാവ്, എന്റെ പിതാവിങ്കൽനിന്ന് പുറപ്പെടുന്ന സത്യസ്വരൂപനായ ആത്മാവ്വന്ന് എന്നെക്കുറിച്ചു സാക്ഷ്യം നൽകും. ആരംഭം മുതൽ എന്നോടുകൂടി ഇരിക്കുന്ന നിങ്ങളും സാക്ഷികളാകുന്നു. 'നിങ്ങൾ ഇടറിപ്പോകാതിരിപ്പാൻ ഇവ ഞാൻ പറഞ്ഞിരിക്കുന്നു. അവർ നിങ്ങളെ സംഘായത്തിൽനിന്ന് ബഹിഷ്കരിക്കും. ഓരോരുത്തരും നിങ്ങളെ കൊല്ലുന്നത് ദൈവത്തിന് വഴിപാടർപ്പിക്കയാകുന്നു എന്ന് വിചാരിക്കുന്ന ഒരു സമയവും വരും. അവർ എന്റെ പിതാവിനെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കയും ചെയ്യും. ആ സമയം വരുമ്പോൾ ഞാൻ പറഞ്ഞിട്ടുള്ളതാണ് എന്ന് നിങ്ങൾ ഓർമ്മിക്കുവാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇതു മുമ്പേ പറയാതിരുന്നത് ഞാൻ നിങ്ങളോടൊരുമിച്ചുതന്നെ ഉണ്ടായിരുന്നതുകൊണ്ടാണ്. ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു. 'എവിടെ പോകുന്നുവെന്ന് നിങ്ങളിൽ ഒരുവനും എന്നോടു ചോദിക്കുന്നില്ല. ഈ കാര്യങ്ങൾ ഞാൻ പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ സത്യം നിങ്ങളോടു പറയുന്നു. ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. എന്തെന്നാൽ ഞാൻ പോയില്ലെങ്കിൽ ആശ്വാസദാതാവ് നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാലോ അവനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും. അവൻ വന്ന് പാപത്തെ



@FIOK*.MOC.KTYM

യും ധർമ്മത്തെയും ന്യായവിധിയെയും കുറിച്ച് ലോകത്തെ ഉദ്ബോധിപ്പിക്കും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോവുകയും, നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധിപതി വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായവിധിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തും. ഇനിയും എനിക്കു നിങ്ങളോടു പറയുവാൻ വളരെയുണ്ട്. പക്ഷെ അവയെ ഗ്രഹിപ്പാൻ ഇപ്പോൾ നിങ്ങൾക്കു പ്രാപ്തിയില്ല. സത്യസ്വരൂപനായ ആ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സർവ്വസത്യത്തിലും നയിക്കും. അവൻ സ്വയമായി സംസാരിക്കയില്ല. പിന്നെയോ കേൾക്കുന്നതെല്ലാമാണ് സംസാരിക്കുന്നത്; വരുവാനിരിക്കുന്ന കാര്യങ്ങളും നിങ്ങളെ അറിയിക്കും. അവൻ എനിക്കു മഹിമയുണ്ടാക്കും. എന്തെന്നാൽ അവൻ എനിക്കുള്ളതിൽ നിന്നെടുത്താണ് നിങ്ങളെ അറിയിക്കുന്നത്. എന്റെ പിതാവിനുള്ളതു സകലവും എന്റേതാകുന്നു. അതുകൊണ്ടാണ് എനിക്കുള്ളവ എടുത്താണ് അവൻ നിങ്ങളെ അറിയിക്കുന്നത് എന്ന് ഞാൻ പറഞ്ഞത്.

## ലുത്താനിയാ

**ശെമ്മാശൻ:–** നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായി നിന്നുകൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം. കുറിയേലായിസോൻ.

**ശെമ്മാശൻ:–** അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇന്ന് ഇറങ്ങി ദൈവികദാനങ്ങൾകൊണ്ട് അവരെ നിറച്ചവനും പ്രത്യക്ഷമായി വെളിപ്പെട്ട് പിതാവിനോടും പുത്രനോടും സാരാംശത്തിൽ ഒന്നാണെന്ന് അറിയപ്പെട്ടവനും ആയുള്ളോവേ! നിന്റെ ദിവ്യനൽവരങ്ങളാകുന്ന സമ്പത്തു പ്രാപിക്കുവാൻ ഞങ്ങളെയും യോഗ്യരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസോൻ.

**ശെമ്മാശൻ:–** വിദ്യാവിഹീനരായിരുന്ന മീൻപിടുത്തക്കാരെ ദിവ്യജ്ഞാനികളാക്കിത്തീർക്കുകയും ഏവൻഗേലിയോനിലെ ദൂത് സകല സൃഷ്ടികളോടും പ്രസംഗിക്കുവാൻ ഇടയാക്കുകയും ചെയ്തവനേ! ഞങ്ങളേയും നിന്റെ ദിവ്യദാനങ്ങൾക്ക് അനുയോജ്യമായ നിർമ്മലഭാജനങ്ങളും ഭവനങ്ങളും ആക്കിത്തീർത്തുകൊള്ളണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസോൻ



@FIOK*.MOC.KTYM

**ശെമ്മാശൻ:-** പെന്തിക്കൊസ്തിദിവസത്തിൽ, അതായത് പാറക്കലീത്താറൂഹായാകുന്ന ദൈവമേ! നിന്റെ ആഗമനത്തിങ്കൽ 'ഇനി ഒരിക്കലും എന്റെ ആത്മാവ് മനുഷ്യനിൽ വസിക്കയില്ല' എന്ന് ഞങ്ങളുടെ പാപം മൂലം ഞങ്ങളിൽ നിശ്ചയിക്കപ്പെട്ടിരുന്ന വിധിയെ നീ അഴിക്കുകയും പുത്രന്റെ വാഗ്ദാനം നിറവേറ്റുകയും ശ്ലീഹന്മാരെ ജ്ഞാനികളാക്കി പ്രകാശിപ്പിക്കുകയും ചെയ്തുവല്ലോ. കർത്താവേ! ഈ ശ്രേഷ്ഠമായ ആരാധന മൂലം വഞ്ചകനായ ദുഷ്ടന്റെ സകല കെണികളും തന്ത്രങ്ങളും തകർത്തുകളയുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേ... കുറിയേ.... കുറിയേ....

**ശെമ്മാശ്ശൻ:-** നാം നിലത്തു മുട്ടുകുത്തി കർത്താവിനോടു പ്രാർത്ഥിക്കണം.

## രഹസ്യപ്രാർത്ഥന

പിതാവിൽനിന്ന് പുറപ്പെടുന്നവനും പുത്രനിൽ നിന്നെടുക്കുന്നവനും പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെട്ട് സ്തോത്രം ചെയ്യപ്പെടുന്നവനും ആയ ആശ്വാസദാതാവും പാറക്കലീത്താറൂഹായുമായ ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്നെ ഞങ്ങൾ വന്ദിക്കുന്നു. പൂർവ്വകാലത്തു വിവിധ ദൈവികദാനങ്ങൾ വഴിയായി ദീർഘദർശിമാർ മുഖാന്തരം നീ അവ്യക്തമായി വ്യാപരിച്ചുകൊ≠ിരുന്നു. ഇപ്പോഴാകട്ടെ വിശുദ്ധ ശ്ലീഹന്മാരിൽ അഗ്നിനാവുകളുടെ രൂപത്തിൽ നീ ആവസിച്ച് അവരുടെ ബുദ്ധിയെയും നാവുകളെയും വിസ്മയജനകമായ വിധത്തിൽ സജ്ജീകരിച്ച് ഉജ്ജ്വലിപ്പിക്കയും പാപമാകുന്ന മുള്ളിനെ എന്നപോലെ നിന്ദ്യമായ ദുർവികാരങ്ങളെ ഉന്മൂലനം ചെയ്യുകയും വിദ്യയും സംസ്കാരവും ഇല്ലാതിരുന്നവരെ ജ്ഞാനികളും സർവ്വലോകത്തിനും ഉപദേഷ്ടാക്കളും ആക്കിത്തീർക്കുകയും ചെയ്തു. നിന്റെ ജ്ഞാനത്തിന്റെ മർമ്മങ്ങളും അറിവിന്റെ രഹസ്യങ്ങളും അവരെ നീ വെളിപ്പെടുത്തിക്കാണിച്ചു. ഉഗ്രമായ അഗ്നിസ്ഫുലിംഗംപോലെ അവരിൽ ഓരോരുത്തരുടെയും മേൽ നീ ആവസിച്ച് നിന്റെ ദിവ്യാഗ്നിയുടെ ശക്തി മൂലം അവരെ പരിപൂർണ്ണരാക്കിത്തീർക്കുകയും ചെയ്തു. നിന്റെ ദൈവികദർശനത്തിന്റെ ഉഗ്രത ഞങ്ങൾക്കു അസഹനീയമാകയാൽ നിന്റെ മഹനീയമായ ആവാസത്തിന്റെ



@FIOK*.MOC.KTYM

ഈ സന്ദർഭത്തിൽ ഞങ്ങൾ നമ്രശിരസ്ക്കരായി നിലത്തു മുട്ടുകുത്തുകയും ആത്മീയമായി അനുഷ്ഠിക്കപ്പെടുന്ന യഥാർത്ഥമായ ആരാധനയെ ഞങ്ങൾ സമ്പാദിക്കുകയും പഠിക്കയും ചെയ്തതു നീ മുഖാന്തരമാകുന്നു എന്ന് ഇതു മൂലം ഞങ്ങൾ സമ്മതിച്ചു പറയുകയും ചെയ്യുന്നു. നിന്റെ ശ്രേഷ്ഠമായ പെരുന്നാളിന്റെ ഈ സമയത്ത് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. എപ്പോഴും നീ ഞങ്ങളിൽ വസിച്ച് വാക്കിലും പ്രവൃത്തിയിലും നടപടികളിലും ഉത്തമവും പൂർണ്ണവുമായ സകല പ്രവർത്തനങ്ങളിലും നിന്റെ ദൈവികവ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമേ. ഞങ്ങളുടെ പാപങ്ങളും നിയമലംഘനങ്ങളും മൂലം ഞങ്ങളിൽനിന്ന് നിന്റെ കൃപയെ നിരോധിക്കരുതേ. ഞങ്ങൾക്കുള്ള നല്ല സഹായങ്ങളിൽ നിന്ന് നീ ഉദാസീനനായിരിക്കരുതേ. നിന്റെ ശക്തിയും ജ്ഞാനവും നൈർമ്മല്യവും വിശുദ്ധിയുംകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കേണമേ. നിന്റെ കൃപയും കരുണയും മൂലം നിന്റെ ശുശ്രൂഷയ്ക്ക് നിർമ്മല ഭവനങ്ങളും നിന്റെ തിരുനിവാസത്തിനു വിശുദ്ധാലയങ്ങളും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. അങ്ങനെ ഞങ്ങൾ തിരുമുമ്പാകെ വെടിപ്പുള്ളവരും നിർമ്മലരുമായി പ്രത്യക്ഷപ്പെടുമാറാകണമേ. ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്ന പാറക്കലീത്താറൂഹാ! നിനക്കും നീ ആരിൽനിന്ന് പുറപ്പെടുന്നുവോ ആ പിതാവിനും നീ ആരിൽ നിന്നെടുക്കുന്നുവോ ആ പുത്രനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും സാഷ്ടാംഗവന്ദനവും സമർപ്പിക്കുമാറാകണമേ. ഹോശോ...

പട്ടക്കാരൻ :- (ഉച്ചത്തിൽ)

ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവിൻ.

(പട്ടക്കാരൻ വെള്ളം എല്ലാവരുടെ മേലും തളിക്കുന്നു)

## മാനീസാ

പരിപാവനമാം ത്രിത്വത്തിൻ - പരിപൂർണ്ണാരാധന ഞങ്ങൾ
തേറിയതാശ്വാസപ്രദനാം - റൂഹായാൽതന്നെ സത്യം.
ആത്മമയൻതന്നെ ദൈവം - ദൈവത്തെ ആരാധിപ്പോൻ
നേരിലുമാത്മാവിലുമവനെ - പൂജിച്ചീടാൻ ബാദ്ധ്യസ്ഥൻ.



@FIOK*.MOC.KTYM

## ഹൂത്തൊാമൊ

പാറക്കലീത്താറൂഹായാകുന്ന ദൈവമായ കർത്താവേ! ഞങ്ങളുടെ ആത്മാക്കൾക്ക് പാപമോചനവും ഞങ്ങളുടെ ശരീരങ്ങൾക്കു വെടിപ്പും നൽകണമേ. നിന്റെ ദൈവികനൽവരങ്ങൾ ഞങ്ങളിൽ സംരക്ഷിക്കുവാനും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിർമ്മലമായ ആരാധനകൾ നിനക്കു സമർപ്പിക്കുവാനും നിന്റെ മഹിമയ്ക്കും നിന്റെ ദൈവികനിവാസത്തിനും അനുയോജ്യമായ ആലയങ്ങളായിത്തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് അട്ടഹസിച്ചു പറയണം.

**ജനം:-** കുറിയേ.... കുറിയേ.... കുറിയേ....

ܫܠܡ

M.O.C. PUBLICATIONS



@FIOK*.MOC.KTYM